# സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

14/2015/സംതിക 21.10.2015

## സർക്കുലർ

വിഷയം : സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - പൊതു തിരഞ്ഞെടുപ്പ് 2015 - പ്രവാസി ഭാരതീയരുടെ വോട്ട് രേഖപ്പെടുത്തൽ - നിർദ്ദേശങ്ങൾ

സൂചന : 1. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 10.08.2015-ലെ 114/2015/സംതിക, 115/2015/സംതിക നമ്പർ വിജ്ഞാപനങ്ങൾ

2. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 13.08.2015-ലെ 491/2015/സംതിക നമ്പർ ഉത്തരവ്.

2015-ലെ പൊതുതിരഞ്ഞെടുപ്പിൽ പ്രവാസി ഭാരതീയരുടെ വോട്ടവകാശം വിനിയോഗിക്കുന്ന തുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പ്രവാസി ഭാരതീയരുടെ വോട്ടർപട്ടികയുടെ 5 പകർപ്പുകൾ എടുത്ത് ഒപ്പ് രേഖപ്പെടുത്തി മുമ്പ് നിർദ്ദേശിച്ചപ്പോലെ 4 പകർപ്പുകൾ വരണാധികാരികളെ അടിയന്തിരമായി ഏൽപ്പിക്കേണ്ടതാണ്.

2. വരണാധികാരികൾ പോളിംഗ് സ്റ്റേഷനിൽ നൽകുന്നതിനായി മാർക്ക്ഡ് കോപ്പി, വർക്കിംഗ് കോപ്പി എന്നിവ തയ്യാറാക്കി 2 പകർപ്പുകൾ നിശ്ചിതദിവസം ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാരെ ഏൽപ്പിക്കേണ്ടതാണ്.

3. പ്രവാസി ഭാരതീയർ വോട്ട് രേഖപ്പെടുത്തുന്നതിന് പോളിംഗ് സ്റ്റേഷനിൽ ഹാജരാകുമ്പോൾ അവർ വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്താൻ പകർപ്പ് നൽകിയ പാസ്പോർട്ടിന്റെ ഒറിജിനൽ വേണം തിരിച്ചറിയൽ രേഖയായി പരിശോധിക്കേണ്ടത്.

4. പ്രവാസി ഭാരതീയരുടെ വോട്ടർപട്ടിക പ്രത്യേകം തയ്യാറാക്കി ക്രമ നമ്പർ രേഖപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ, പോളിംഗ് ഉദ്യോഗസ്ഥൻ വോട്ടെടുപ്പ് വേളയിൽ ഫാറം 21 എ-യിലെ വോട്ട് രജിസ്റ്ററിന്റെ 2-ാം കോളത്തിൽ രേഖപ്പെടുത്തുന്ന പ്രവാസി വോട്ടർപട്ടികയിലെ ക്രമ നമ്പരിന് മുമ്പിൽ PV എന്ന് കൂടി ചേർക്കണം. (ഉദാ - PV - 2).

പി. ഗീത
സെക്രട്ടറി

എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും (പോളിംഗ് ഉദ്യോഗസ്ഥർക്ക് സെക്ടറൽ ഓഫീസർമാർ മുഖേനയോ മറ്റ് മാർഗ്ഗേനയോ എത്തിക്കേണ്ടതാണ്)
എല്ലാ വരണാധികാരികൾക്കും
എല്ലാ പോളിംഗ് ഉദ്യോഗസ്ഥർക്കും

പകർപ്പ് :

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും
എല്ലാ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ തിരഞ്ഞെടുപ്പ് പരിശീലകർക്കും
എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
പി.ആർ.ഒ.
കമ്പ്യൂട്ടർ പ്രോഗ്രാമർ
കമ്മീഷണറുടെ സി.എ.
സെക്രട്ടറിയുടെ സി.എ
ഫയൽ/സ്റ്റോക്ക്

അംഗീകാരത്തോടെ
**ഒപ്പ്**
സെക്ഷൻ ഓഫീസർ